**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6133** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ സ്ത്രീകൾക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സ്ത്രീകളെ സംഘടിപ്പിക്കാനും മുന്നോട്ട് കൊണ്ടുവരാനും സഹകരണമേഖല നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ സഹകരണ പ്രസ്ഥാനം വനിതാ സഹകരണ സംഘങ്ങൾ വഴി വനിതകളുടെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. സ്ത്രീ സമൂഹത്തിന് സമൂഹ്യവും, സാമ്പത്തികവുമായ ഉന്നമനം കൈവരിക്കുന്നതിന് സ്തീകളെ ഒരു കുടക്കീഴിൽ സംഘടിപ്പിക്കുന്നതിന് സഹകരണ പ്രസ്ഥാനം വളരെയധികം പങ്കു വഹിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ സഹകരണസംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായ പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സഹരണമേഖലയിൽ സ്ത്രീകൾക്ക് വരുമാനം സൃഷ്ടിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | വനിതാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനും, പുനരുജ്ജീവനത്തിനുമായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ വനിത സഹകരണ സംഘങ്ങൾക്കും വനിതഫെഡിനുമുള്ള സഹായം എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾക്കും, കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. ടി പദ്ധതിക്കായി 2024-25 സാമ്പത്തികവർഷം 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം, വിവിധ പരിശീലന പരിപാടികൾ/ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധന സഹായം, ദുർബല വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു.<br><br>വനിതാഫെഡ് സ്ത്രീ തൊഴിലാളികളുടെ സേവനം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും, സ്ത്രീ ശാക്തീകരണത്തിന് നൂതന വ്യാപാര ആശയങ്ങൾ നടപ്പാക്കിക്കൊണ്ട് വനിതാ സംഘങ്ങളിലൂടെ സ്ത്രീകളുടെ ഉന്നമനം ഉദ്ദേശിച്ച് കൊണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. അംഗ സംഘങ്ങൾക്ക് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും, ഡ്രൈവിംഗ് സ്കൂൾ നടപ്പിലാക്കുന്നതിനും, നീതി മെഡിക്കൽസ് നടപ്പിലാക്കുന്നതിനും ക്ലോത്ത്/ പേപ്പർ ബാഗ്/ മാസ്ക് നിർമ്മാണം, കാന്റീൻ, നീതിലാബ്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, ഗാർമെൻറ് യൂണിറ്റ്, ഉരുക്കെണ്ണ ഉൽപ്പാദനം എന്നീ പദ്ധതികൾക്കും സാധാരണ വായ്പ നൽകിവരുന്നു. ഇത് വഴി വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനും സാമ്പത്തികമായി സ്വയം പര്യാപ്തത നേടുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ